## നെല്ല് സംഭരണത്തിന് സ്ഥിരം സംവിധാനം

19 [* 328] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വിളവെടുപ്പ് കാലത്ത് കർഷകരിൽനിന്നും നെല്ല് സംഭരണം നേരിട്ട് നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) നെൽ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് നെൽ സംഭരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംഭരണം ഏതെല്ലാം ഏജൻസികൾ മുഖേന നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഗവൺമെന്റ് നേരിട്ട് സംഭരണം നടത്തുന്നില്ല. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സംഭരണ ഏജൻസികളെ നിയമിക്കുക, സംഭരണവില നിശ്ചയിക്കുക, സംഭരണ പ്രക്രിയ അവലോകനം ചെയ്ത് യഥാസമയം വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ യോഗം ചേർന്ന് യുക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 3.8 കോടി രൂപയ്ക്ക് പുറമേ ഈ വർഷം നെല്ല് സംഭരിക്കുന്നതിനും കഴിഞ്ഞ വർഷങ്ങളിലെ കൈകാര്യച്ചിലവ് ഇനത്തിൽ നൽകാനുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുമായി ഇതിനകം 14 കോടി രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

(ബി, സി) സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹായത്തോടെ നെല്ല് സംഭരണം നടത്തുവാനാണ് ഇപ്പോൾ ആലോചിക്കുന്നത്.

## കുറഞ്ഞ നിരക്കിൽ അരി നൽകാൻ നടപടി

20 [* 329] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കായി കേന്ദ്ര ഗവൺമെന്റ് കുറഞ്ഞ നിരക്കിൽ നൽകിവരുന്ന 35 കിലോ അരി സംസ്ഥാനത്തെ അർഹതപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് ഇപ്പോൾ നൽകിവരുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര അരി വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly